**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1374 — 12.7.2011 ൽ മറുപടിയ്ക്ക്

## അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സപ്ലൈകോ, നീതി സ്റ്റോർ എന്നിവിടങ്ങളിലൂടെ വിതരണം ചെയ്യുന്ന പതിനാലു രൂപയും പതിനാറു രൂപയും വിലയുള്ള അരി സ്വകാര്യ സ്ഥാപനങ്ങളിലൂടെയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ആലോചനയിലില്ല. |
| ബി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) ഇല്ല. |
| സി) അനാഥാലയങ്ങൾക്കും വൃദ്ധ സദനങ്ങൾക്കും അരി ലഭിക്കുന്നതിന് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നിലവിലുണ്ടോ ; ഭാവിയിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | സി) സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് 2 രൂപ നിരക്കിൽ അരി നൽകുന്നതിന് 3.6.2011 ലെ 19/11/ഭസിപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. നിലവിൽ ബി.പി.എൽ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളാണ് ഇവർക്ക് നൽകി വരുന്നത്. (അരിയ്ക്ക് കി.ഗ്രാമിന് 6.20 രൂപയും ഗോതമ്പിന് 4.70 രൂപയും) - ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) എ.പി.എൽ വിഭാഗത്തിന് ഇപ്പോൾ നൽകി വരുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) എ.പി.എൽ വിഭാഗത്തിന് ഇപ്പോൾ നൽകി വരുന്നത് പ്രതിമാസം പരമാവധി 10 കിലോ അരിയാണ്. 6.70 കി.ഗ്രാം വിതരണത്തിനുള്ള അരിയാണ് കേന്ദ്രം അനുവദിക്കുന്നത്. (പ്രതിമാസം 36056 മെ.ടൺ) പ്രതിമാസം 15 കിലോയെങ്കിലും വിതരണം ചെയ്യുന്നതിനാവശ്യമായ അരി അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ